# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3727

19.02.2013-ൽ മറുപടിയ്ക്ക്

ഫുട്ട്പാത്തിലെ മരങ്ങൾ വെട്ടിമാറ്റാൻ അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. വാഹീദ് | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) തിരുവനന്തപുരം നഗരത്തിൽ, സി.ആർ.ഐ.പി. യുടെ കീഴിൽ പണി പൂർത്തിയായ റോഡുകളുടെ ഫുട്ട്പാത്ത് നിർമ്മാണം മരങ്ങൾ വെട്ടിമാറ്റാത്തതു കാരണം തടസ്സപ്പെടുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) റോഡരുകിൽ നിൽക്കുന്ന മരങ്ങൾ വെട്ടിമാറ്റുന്നതിന് സോഷ്യൽ ഫോറസ്ട്രിയുടെ അനുവാദം ആവശ്യമുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | ബി) ആവശ്യമുണ്ട്. സർക്കാർ ഉത്തരവ് (ആർ.റ്റി) 68/10/വനം വന്യജീവി വകുപ്പ് തീയതി 10.02.2010, സർക്കാർ ഉത്തരവ് (ആർ.റ്റി) 172/2010/വനം വന്യജീവി വകുപ്പ് തീയതി 21.04.2010 എന്നിവ പ്രകാരം സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല തുടങ്ങിയ പൊതുസ്ഥലങ്ങളിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുനീക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവുകളാണ്. മേൽ ഉത്തരവ് പ്രകാരം പൊതു സ്ഥലങ്ങളിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുവാൻ കോർപ്പറേഷൻ പരിധിയിൽ മേയറും, മുൻസിപ്പാലിറ്റി പരിധിയിൽ മുൻസിപ്പൽ |

ചെയർമാനും, പഞ്ചായത്ത് പരിധിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ചെയർമാനായുള്ള കമ്മിറ്റിയാണ് അനുമതി നൽകേണ്ടത്. സ്ഥലം സ്ഥിതി ചെയ്യുന്ന ഡിവിഷനിലെ മെമ്പർ ബന്ധപ്പെട്ട കൗൺസിലർ, പഞ്ചായത്ത് പ്രസിഡന്റ്, ടൗൺ പ്ലാനർ, എൻ.ജി.ഒ. പ്രതിനിധികൾ തുടങ്ങിയവർ കമ്മിറ്റി അംഗങ്ങളും അതാത് ജില്ലകളിലെ സാമൂഹിക വനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർ കൺവീനർമാരുമാണ്. റോഡരുകിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിന് മേൽ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ തീരുമാനം ആവശ്യമാണ്.

സി) മുറിഞ്ഞപാലം - കുമാരപുരം റോഡിൽ ഇത്തരം മരങ്ങൾ നിൽക്കുന്നതു കാരണം ഫുട്ട്പാത്തിന്റെ പണി പൂർത്തിയാകാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

സി) പ്രസ്തുത സ്ഥലത്ത് 31 മരങ്ങൾ മുറിക്കുന്നതിന് 07.07.2011, 17.08.2011, 21.12.2011, 25.04.2012 എന്നീ തീയതികളിൽ മേൽ വിവരിച്ച സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ തീരുമാന പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

ഡി) ഫുട്ട്പാത്ത് നിർമ്മിക്കാത്തതു കാരണം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് മരങ്ങൾ വെട്ടിമാറ്റുന്നതിന് അനുമതി നൽകുമോ ?

ഡി) മരങ്ങൾ മുറിക്കുന്നതിന് ബന്ധപ്പെട്ടവരിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മുകളിൽ പരാമർശിച്ച ഉത്തരവ് പ്രകാരം രൂപീകരിച്ച പരിശോധനാ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അതാത് ജില്ലകളിലെ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ മരങ്ങൾ മുറിക്കുന്നതിന് അനുവാദം നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ